# ഹൈക്കി കൂട്ട



## ജി.എം. ആർ.എസ് പൂക്കോട്

# ഉള്ളടക്കം


- ആമുഖം
- ആശംസകൾ
- മാഗസിൻ നിർമാണത്തിൽ പങ്കെടിത്തവർ
- സഹായം
- പുതുവർഷത്തിൽ പുതിയ കാര്യം
- ക്ളാസുകളിലൂടെ
- കുട്ടന്റെ പട്ടം
- ലിറ്റിൽ കൈറ്റ്സ്
- ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
- മഴ
- എന്റെ പുതുവർഷം
- ജി.എം.ആർ എസ് .പൂക്കോടിലെ ചില ധന്യ നിമിഷങ്ങൾ
- നോവിൻ തിരിനാളം
- സർഗ്ഗോത്സവത്തിൽ നിന്ന്
- ഒടുങ്ങാത്ത പകയിമായി പ്രകൃതി
- അനിറ്റയുടെ പ്രിയ കൂട്ടുക്കാർ
- ചലനമുണ്ടാക്കി
- വരൾച്ച
- ബുദ്ധിയുള്ള മീൻ
- വണ്ടി
- കാക്കകുളിച്ചാൽ കൊക്കാകുമോ
- ടീച്ചർ
- ജീവിതത്തിൽ നിന്ന് മഞ്ഞുപോയ വഴികൾ
- സത്യസന്ധനായ രാജാവ്
- വേർപ്പാടിന്റെ ദുഃഖം
- സഹവാസ ക്യാമ്പിൽ നിന്ന്
- തെലുങ്കാനയിൽ നടന്ന സ്പോർട്സ് മീററിൽ നിന്ന്
- നന്ദി

# ആമുഖം

വിവരവിനിമയ സാങ്കേതികവിദ്യ വിദ്യാഭ്യാസരംഗത്തെ അടിമുടി മാറ്റിമറിച്ചിരിക്കുകയാണ്. സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ താൽപ്പര്യം കണക്കിലെടുത്തും വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിക്കുന്നതിനുവേണ്ടിയാണ് "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ പൊതുവിദ്യാലങ്ങളിൽ രൂപികരിച്ചിരിക്കുന്നത്.കുട്ടികളുടെ ഡിജിറ്റൽ അറിവിനെ മുൻ നിർത്തിക്കൊണ്ട് കുട്ടികളുടെ കൂട്ടയിമയിലൂടെ കുട്ടിപ്പട്ടങ്ങൾ തയ്യാറാക്കിയ ഈഡിജിറ്റിൽ മാഗസിൻ എക്കാലത്തും വിദ്യാഭ്യാസരംഗത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

# ആശംസ

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പൂക്കോട് MRS ലെ വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തി റക്കുന്നു എന്നതിൽ അതിയായ അഭിമാനമുണ്ട്. "ഡിജി റ്റൽ  മാഗസിനിലെ " ഡിജിറ്റൽ സാങ്കേതികയേയും മാഗസിന്റെ ഉള്ളടക്കം സാഹിത്യത്തേയും പ്രതിനിധീ കരിക്കുന്നു.സാഹിത്യം എന്നത് സൗന്ദര്യത്തിന്റെ ആവിഷ്കാരമാണല്ലോ. അതിനാൽ തന്നെ നമ്മുടെ കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ ശാസ്ത്ര സാങ്കേതികതയുടെയും സൗന്ദര്യാനുഭൂതിയുടെയും സമഞ്ജസമായ ഒരുകൂടിച്ചേരലാണ്.ശാസ്ത്രത്തിന്റെയും സൗന്ദര്യത്തിന്റെയും,സാങ്കേതികതയുടെയും മാനവികതയുടെയുംഒരു കൂടിച്ചേരലാണ് നമ്മുടെ സമൂഹത്തിന്റെ ഭാവിയെ ശോഭനമാക്കുക. ഈ അർത്ഥത്തിൽ ശുഭപ്രതിക്ഷയുടെ ഒരു തിരിനാളമാണ് നമ്മുടെ  മാഗസിൻ. ഇതിന്റെഅണിയറ ശിൽപികൾക്കും വായനക്കാർക്കും ആശംസകൾ അർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ

വിനോദൻ.പി

# ആശംസ

ജി.എം.ആർ.എസ് പൂക്കോടിലെ 'ലിറ്റിൽ കൈറ്റ്സ് 'കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനായ 'ഹെക്കി കൂട്ട ' കുട്ടികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ തയ്യാറാക്കിയതിൽ ഞങ്ങൾ അഭിമാനിക്കുന്നു.വിവര സാങ്കേതിക വിദ്യ അത്യധി കം വികസിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റ-ലായി കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിന് ഞങ്ങളുടെ എല്ലാവിധ ആശംസകളും നേരുന്നു .

ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്

(സലീന കെപി

രജിമോൾ റ്റിയു)

## മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്തവർ

**അനാമിക രാധാകൃഷ്ണൻ**
**അംബിക മോൾ**
**അനഘ രാജൻ**
**ഹരിത**
**നിൽന**
**സോണിയ**

## സഹായം

**റയോണ ( കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ)**

**ജിനേഷ് ബാബു (ഡ്രോയിംഗ് ടീച്ചർ)**



## മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്തവർ

# പുതുവർഷത്തിൽ

# പുത്തൻ കാര്യം

വലിയൊരു മലമുകളിലാണ് ആ സ്കൂൾ സ്ഥിതി ചെയ്യുന്നത്. അതൊരു ഹോസ്റ്റൽ പോലെയായിരുന്നു.പുതുവത്സര ദിനത്തിന്റെ തലേന്ന് അധ്യാപകൻ കുട്ടികളോടു പറഞ്ഞു ഈ പുതുവത്സരദിനത്തിൽ ആര് എന്ത് നല്ല കാര്യമാണോ ചെയ്യുന്നത് അത് എനിക്ക് ഒരു പേപ്പറിൽ എഴുതിത്തരണം. ആരാണോ ഏറ്റവും നല്ല കാര്യം ചെയ്യുന്നത് അയാൾക്ക് ഞാൻ ഒരു സമ്മാനം തരും എന്നും പറഞ്ഞു.അങ്ങനെ പലരും ഞാൻ എഴുത്തു കാരനാവും അതുകൊണ്ട് ഞാൻ എഴുതിത്തുടങ്ങും

വായിച്ചു തുടങ്ങും എന്നൊക്കെ പലരും പലവിധത്തിൽ എഴുതി.പക്ഷേ ഒരു കുട്ടി മാത്രം എഴുതിയത് ഞാൻ നാളെ മുതൽ ഞാൻ കിടന്ന വിരിപ്പും പുതപ്പും നന്നായി മടക്കി വയ്ക്കും എന്നാണ്.അത് അവൻ ദിവസവും വൃത്തിയോടെ എല്ലാ ദിവസവും ചെയ്യുകയും ചെയ്തു . പക്ഷേ മറ്റുള്ളവരാരും അവർ എഴുതിയ കാര്യത്തിനു വേണ്ടി പ്രയത്നിച്ചിരുന്നില്ല. അതുകൊണ്ട് ആ അധ്യാപകൻ താൻ എഴുതിയ കാര്യത്തിനു വേണ്ടി പ്രയത്നിച്ച കുട്ടിക്കു മാത്രമാണ് സമ്മാനം കൊടുത്തത്.

ദൃശ്യ ഭാസ്കരൻ
8 B

# ക്ലാസ്സുകളിലൂടെ









# ലിറ്റിൽ കൈറ്റ്സ്

2017 ജൂൺ 25 ബുധനാഴ്ച യാണ് "ലിറ്റിൽ കൈറ്റ്സ് "നിലവിൽ വന്നത്. കൈറ്റ്സിന്റെ പൂർണരൂപം "കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ". കൈറ്റ്സ് പദ്ധതിയിൽ അംഗങ്ങളായ വിദ്യാർഥികൾക്ക് പരിശീലനകാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോവാനുള്ള അവസരമാണ് ലഭിക്കുന്നത്. ഒരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് . വിവിധ വിഷയമേഖലയിലെ പ്രായോഗികപരിശീലനം കൈറ്റ്സ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളിൽ ഏറ്റവും മികവ് പുലർത്തുന്ന കുട്ടിക്ക് സബ് ജില്ല ,ജില്ല, സംസ്ഥാന തല ക്യാമ്പുകളിലായി പങ്കെടുക്കാൻ അവസരമൊരുക്കുന്നു . ക്യാമ്പുകളിലൂടെ കൂടുതൽ അറിവുകളും ലഭിക്കുന്നു.spc, ncc എന്നിവയ്ക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും കൈറ്റ്സിനും ലഭിക്കുന്നു.

സങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി 'ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്.ഒരു സ്കൂൾ യൂണിറ്റിൽ 20 മുതൽ 40 വരെ അംഗങ്ങളുമാണ്. മാസത്തിൽ എല്ലാ ബുധനാഴ്ച വൈകുന്നേരം 3:30 മണി മുതൽ 4:30 മണി വരെയാണ് പരിശീലനംലഭിക്കുന്നത്.

## കൈറ്റ്സിന്റെ പരിശീലനങ്ങൾ

- അനിമേഷൻ
- മൊബൈൽ ആപ്പ് നിർമാണം
- ഗ്രാഫിക് ഡിസൈനിംഗ്
- റോബോട്ടിക്ക്
- മലയാളം കമ്പ്യൂട്ടിങ്
- പ്രോഗ്രാമിംങ്
- ഇലക്ട്രോണിക്സ്
- ഹാർഡ് വെയർ

എന്നി പരിശീലനങ്ങളാണ് കൈറ്റ്സിലുള്ളത്. വിഭാവനം ചെയ്ത രീതിയിൽ സങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ കൈറ്റ്സ് എന്ന പദ്ധതി യിലൂടെ സാധിക്കുന്നു.

അനഘ രാജ് 9th B

സോണിയ സി 9th B

# ലിററിൽ കൈററ്സ് അംഗങ്ങൾ


















# മഴ

എന്തുകൊണ്ടോ എനിക്കിഷ്ടമാണ്
നിന്റെ മുത്തുപോൽ തുള്ളികളിഷ്ടമാണ്
എൻ കൺകുളിർക്കെ കണ്ടിടാനും
നീ പാടും ഗീതം കേട്ടിടാനും
എന്തുകൊണ്ടോ എനിക്കിഷ്ടമാണ്

തെന്നലായ്,കുളിരായ്,കൂട്ടുകാരായ്
കൂട്ടൊന്നിരിക്കാനും ഇഷ്ടമാണ്
നീ വെൺമുത്തുകൾ തൂകിടുമ്പോൾ
എന്തുകൊണ്ടോ മനം കുളിരുന്നു

എന്തുകൊണ്ടാണെനിക്കിത്രയിഷ്ടം
നിന്നോടു മാത്രമായേറെയിഷ്ടം
വാനോടും തോന്നീല വെയിലോടും തോന്നീല
മയിലോടും തോന്നീല ഇത്രയിഷ്ടം
ഇഷ്ടമാണ് എനിക്കിഷ്ടമാണ്
നിൻ വെൺമണിത്തുള്ളികളിഷ്ടമാണ്.

വിസ്മിത.ബി
9th . A

# എന്റെ പുതുവർഷം

2018 ജനവരി 11 ന് ജി .എം. ആർ എസ് കുട്ടികൾ എസ്.പി.സിയുടെ ഭാഗമായി അമ്പലവയലിലെ പൂപ്പൊലി കാണാൻ പോയി. .എസ് .പിസിയിൽ ഞാനും ഒരു അംഗമായിരുന്നു.അന്നേ ദിവസം ഉച്ചയ്ക്ക് എകദേശം 1 മണിയായപ്പോൾ സ്കൂളിൽ നിന്ന് യാത്ര തിരിച്ചു.ഞങ്ങളുടെ കൂടെ എസ് .അദ്ധ്യാപകരും ഉണ്ടായിരുന്നു.ഞങ്ങൾ പോയത് മേപ്പാടി വഴിയാണ്. എല്ലാവരും സന്തോഷ പൂർവ്വം ബസ്സിൽ കയറി.ഒരു മൂന്ന് മണിയായപ്പോൾ അവിടെഎത്തി.പ്രകൃതി ആസ്വദിച്ച് വന്നതുകൊണ്ട് എത്തിയതറിഞ്ഞില്ല.അദ്ധ്യപകരുടെ നിർദേശപ്രകാരം ബസ്സിൽ നിന്ന് അവിടെഇറങ്ങി.അദ്ധ്യാപകർ പിന്നീട് ഞങ്ങളോട് പറഞ്ഞു ,നിങ്ങൾ എല്ലാം ചുറ്റി കണ്ടിട്ട് വായെന്ന്.കണാൻ പോയപ്പോൾ അവിടെ കണ്ട കാഴ്ച അതിസുന്ദരം.അടിയുലയുന്നമരങ്ങൾ,കാഴ്ചക്കാരെ കണ്ട് പുഞ്ചിരിച്ച് നിൽക്കുന്ന പൂക്കൾ,സുന്ദരമായി നിൽക്കുന്ന കുളങ്ങൾ.പിന്നീട് അക്വേറിയം കാണാൻപോയിഅവിടെ കണ്ട കാഴ്ചയും അതിസുന്ദരം.ഞങ്ങളെ കണ്ട് പരക്കം ഓടുന്ന മത്സ്യങ്ങൾ . അങ്ങനെ അതിശയിപ്പിക്കു കാഴ്ചകൾ കണ്ടു. എല്ലാം കണ്ട് അദ്ധ്യാപകരുടെ നിർദേശപ്രകാരം ഒരു 6 മണിയായപ്പോൾ തിരിച്ച്ബസ്സിൽ കയറി . രാത്രിയുടെ കാഴ്ചകൾ കണ്ട് ആസ്വദിച്ച് 7:30 മണി
യായപ്പോൾ ഞങ്ങളുടെ സ്കൂളിൽ തിരിച്ചെത്തി.

അഞ്ജൂഷ .കെ
***9th B***

## ജി.എം. ആർ.എസ് പൂക്കോടിലെ ചില ധന്യ നിമിഷങ്ങൾ



# ഒടുങ്ങാത്ത പകയുമായി പ്രകൃതി

സന്ധ്യയായി ഇരുട്ട് മൂടി അങ്ങേ അക്കരയിൽ. വിളക്കു കൊളുത്തി. അത്താഴം കഴിഞ്ഞ് കിടക്കാൻ നോക്കുകയായിരുന്ന കല്യാണിയും അപ്പുവും.ചിമ്മിണി വിളക്കു കെടുത്തി പായവിരിച്ചു.കിടക്കാൻ നോക്കുമ്പോൾ ഉയർന്ന ആരവത്തിൽ ഒരു ശബ്ദം.കല്യാണി കാതോർത്തു."കല്യാണിയേച്ചിയേ.............''കല്യാണി വാതിൽ തുറന്നു നോക്കി,"വാസു അല്ലേ വരണത് എന്താ വാസൂ..? കല്യാണി ചോദിച്ചു,'' കരയിൽ വെള്ളം കയറി,ഭാസ്കരേട്ടന്റെയും വിമലേച്ചിയുടെയും വീടുകൾ തകർന്നു.വാ വേഗം നമുക്ക് വേറെ എങ്ങോട്ടെങ്കിലും പൊവ്വാ............''വാസുവിന്റെ കണ്ണിൽ തീ ആളിക്കത്തുന്നുണ്ടായിരുന്നു.മരങ്ങൾ വൻ കാറ്റിൽ നിലം പതിക്കുമെന്ന അവസ്ഥയിൽ ആടിക്കളിക്കുന്നു. കല്യാണിക്ക് പേടിയായി.അവൾഅപ്പുവിനെ പായയിൽ നിന്നും തോളിലിട്ട് ഓടി. വാസു പിന്നാലെയും.''അതാ അവിടെയാ തോണി . ''വാസു മുമ്പിൽ കടന്ന് തോണി നീക്കി. തോണി കാറ്റിൽ ഇളകുന്നുണ്ടായിരുന്നു കാറ്റിന്റെ വീശൽ കഴിഞ്ഞപോൾ മഴയായി,മഴത്തുള്ളികൾ ഇറ്റിറ്റു വീണു . കല്യാണിയുടെ കണ്ണിൽനിന്നും

കണ്ണീർ മഴയും .വാസു തോണി തുഴയാൻ തുടങ്ങി ,കല്യാണി തന്റെ സാരിത്തുമ്പെടുത്ത് തലയിലിട്ടു.വെള്ളത്തിന്റ ഓളങ്ങൾ തോണിയിൽ വന്നടിക്കുന്നു.വീണ്ടും കാറ്റ് വന്നു . മരങ്ങൾ കുറേ നിലം പതിച്ചു.കല്യാണി രക്ഷിക്കണേ.........ദൈവമേ എന്ന് മനസിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു .എങ്ങനെയോ ആ കൊടും പ്രകൃതിയുടെ വീക്ഷണത്തിലൂടെ അവർ കരകയറി . എവിടെയെത്തി ഒന്നും അറിയുന്നില്ല.അവരെ പെട്ടന്ന് ഓളങ്ങൾ എവിടെയോ എത്തിച്ചു,അങ്ങു ദൂരെ ........ വാസു തോണി കര കയറ്റി . കല്യാണി തന്റെ കുഞ്ഞനെ ഒന്നുമ്മവച്ചു തലോടി.ചേച്ചീ ഇവിടെ കിടക്കാൻ എന്തെങ്കിലും സ്ഥലമുണ്ടോയെന്ന് നോക്കട്ടെ.

അപ്പോഴേക്കും പ്രകൃതി അവരോട് കനിഞ്ഞിരുന്നു .എന്ത് ചെയ്യണമെന്നറിയാതെ അവർ ചുറ്റും നോക്കിക്കൊണ്ടിരുന്നു .മകന്റെ ഭാവിയെക്കുറിച്ചായിരുന്നു കല്യാണിയുടെ ആലോചന . എത്ര പുസ്തകങ്ങൾ , വസ്ത്രങ്ങൾ എല്ലാം ഇപ്പോൾ മണ്ണിനടിയിൽ.അത്തരം ആലോചനയിൽ കരഞ്ഞുകൊണ്ടിരുന്നു കല്യാണി.''ചേച്ചി കരയണ്ട നാളെ പഞ്ചായത്തുകാർ വന്ന് എല്ലാം ശരിയാക്കിത്തരും''. വാസു പറഞ്ഞു . ''ആര് പഞ്ചായത്തുകാരോ ,ഈ പാവങ്ങളുടെ കണ്ണീർ ആരും തിരിച്ചറിയില്ല''.കല്യാണി പറഞ്ഞു.അങ്ങനെ ഒരു വർഷം കഴിഞ്ഞു .ഇപ്പോഴും അവർക്ക് നഷ്ടപ്പെട്ടതൊന്നും തിരിച്ചു കിട്ടിയതില്ല . അപ്പോഴും അപ്പുവിന്റെ കരച്ചിൽ ഉയർന്നു കേൾക്കാമായിരുന്നു.

*അജന്യ .ബിജു*

*IX.B*

# നോവിൻ തിരിനാളം

*കലങ്ങിയ കണ്ണുകളിൽ*
*ആരാരും  കാണുന്നില്ല*
*ദു:ഖത്തിൻ തുടിപ്പുകൾ*
*ഏകാന്തമായ് മറഞ്ഞുനിന്ന*
*നിൻ നിഴലുകൾ മാത്രം ബാക്കി*
*ഒരിക്കൽ കലങ്ങിയാൽ മതി*
*നിൻ മിഴികൾ ജീവിതം മുഴുവൻ ചോർന്നൊലിക്കാൻ………*
*ഓർത്തീടുകീൻ ഈ കൺകളിൽ വിരഹമാണെന്നും വിധി*
*നേർത്ത നിലാവിന്റെ കരങ്ങളാൽ ഞാൻ*
*നിന്നെ തഴുകിയുണർത്തിയപ്പോൾ ഞാൻ*
*അറിഞ്ഞില്ല നിൻ മിഴികൾ  കലങ്ങിയത്*
*ഇവിടെ നിൻ ഓർമളിൽ എന്നോ*
*നെറുകയ്യിൽ ഇരുട്ടേന്തി മിഴികൾ മിഴിക്കവേ…………..*
*അന്തമാം ബോധമതിലിൻ അപ്പുറം*
*തെരുവു വിളകുകൾക്കപ്പുറം*
*ഓർമകൾ ഒന്നു മില്ലെന്നോ……………..*
*ഓർമകൾ മറക്കാൻ ശ്രമിക്കുമ്പോൾ*
*ഇന്നു നീ ഓർമായി എൻ*
*മനസിൽ പെരുകവേ……………*
*വ്രണിതമാം മിഴികളിൻ നോവിത്തിരി*
*ബാക്കിയായ് ഏറെനാൾക്കൂടി നേർത്ത മിഴിനീരിൻ*
*പിന്നിലെ അനന്തമാം ഇരുളിന്റെ*
*കരങ്ങളാൽ നൽകി നിൻ സ്പർശ*
*ഇരുമതിലിനുമപ്പുറം സൗഹൃദം പങ്കിട്ടുനിന്നും…………*
*നോവിൻ തിരിനാളം കത്തിയെരിയുമ്പോഴും*
*മങ്ങിയ വെളിച്ചത്തിൽ ഞാൻ കാണുന്നു*
*നിൻ നിഴലുകൾ*

*ഹരിത.പി.എച്ച്*
***9th A***

# സർഗ്ഗോത്സവത്തിൽ നിന്ന്

















# അനിറ്റയുടെ പ്രിയ കൂട്ടുകാർ

അങ്ങ് ദൂരെ മഞ്ഞുമൂടിയ സുസൂക്കി ഗ്രാമത്തിലാണ് കൊച്ച് അനീറ്റയുടെ വീട്.അനീറ്റയ്ക്ക് അച്ഛൻ മാത്രമാണുള്ളത്. അമ്മയില്ലാത്ത അവളെ അച്ഛൻ ഒരു കുറവും അറിയിക്കാതെയാണ് വളർത്തിയത്.ഒരിക്കൽ മഞ്ഞു പെയ്യുന്ന ഒരു രാവിലെ അച്ഛനും അടുത്ത വീട്ടിലെ പീറ്ററങ്കിളും കാട്ടിൽ വിറകു വെട്ടാൻ പോയി.അതാണ് അവരുടെ ഏക വരുമാനം. അവൾ എഴുന്നേറ്റപ്പോഴേക്കും അച്ഛൻ പോയിക്കഴിഞ്ഞിരുന്നു. രാത്രിയേ ഇതിനേപ്പറ്റി അവൾ അറിഞ്ഞതിനാൽ അവൾക്ക് പേടി തോന്നിയില്ല.രാവിലെ അച്ഛൻ എന്താണ് ഉണ്ടാക്കിയതെന്നറിയാൻ അവൾക്ക് തിടുക്കമായി . അവൾ അടുക്കളയിലേക്കോടി അവിടെ ആവി പറക്കുന്ന സൂപ്പും റൊട്ടിയും ഉണ്ടായിരുന്നു.അതും കഴിച്ച് പതിവു പോലെ അവൾ കൂട്ടുകാരെ കാത്തിരുന്നു.കുറച്ചു കഴിഞ്ഞപ്പോഴതാ അവർ വരുന്നു. അവരേ കണ്ടേണ്ട താമസം അവൾ അവിടേക്കോടി. ഡാരിസ്,സാനിയ, റോബിൻ ഇവരാണ് അവളുടെ കൂട്ടുകാർ."എന്നാ നമുക്കു പോവാം"സാനിയ പറഞ്ഞു. അവർ യാത്ര തുടങ്ങി.മഞ്ഞു നനഞ്ഞ ഇടവഴികളിലൂടെ അവർ നടന്നു.മഞ്ഞ ഇലകൾ പൊഴിയുന്ന മരച്ചോട്ടിൽ ഒരു നിമിഷം അവർ നിന്നു."അതേ സാനു നീ ഞങ്ങളെ എവിടേക്കാ കൊണ്ടു പോവുന്നേ"ഡാരിസ് ചോദിച്ചു.പക്ഷ അവൾ ഒന്നും പറയാതെ യാത്ര തുടർന്നു.അവൾപറഞ്ഞ മനോഹരമായ സ്ഥലത്തെത്തി.അവിടെ കണ്ട കാഴ്ച്ച അവരെ അത്ഭുതപ്പെടുത്തി.വലിയൊരു വെള്ളച്ചാട്ടവും അതിനടുത്ത് വലിയൊരു മരവും.ആ മരത്തിൽ പൂക്കളും വള്ളികളും ഒരുപാടുണ്ടായിരുന്നു.അവർ ഒരുപാടു നേരം അവിടെ കളിച്ചു.അതിനു ശേഷം അവർ അനീറ്റയുടെ വീട്ടിലെത്തി.അവൾ അവർക്ക് സൂപ്പും റൊട്ടിയും നൽകി. പിരിയാൻ നേരം അവർ അനീറ്റയെ കെട്ടിപ്പിടിച്ച് യാത്ര പറഞ്ഞു.കൂട്ടുകാരുടെ സ്നേഹത്തിന്റെ സന്തോഷത്തിൽ അവൾ അച്ഛനെ കാത്തിരുന്നു.

സോണിയ .സി

9th B


# ചലനമുണ്ടാക്കി



പ്രശസ്ത നടനായിരുന്നു ചാർലി ചാപ്ലിൻ സിനിമയിൽമാത്രമല്ലജീവിതത്തിനുരസികാനായിരുന്നു .ഒരിക്കൽ പ്രശസ്തനായ ഒരു സംവിധായകൻ അൽപം അഹങ്കാരത്തോടെ ചാപ്ലിനോട് പറഞ്ഞു ഇന്നിറങ്ങിയ എന്റെ പുതിയ സിനിമ പ്രേഷകരിൽ വലിയചലനമുണ്ടാക്കും എന്ന കാര്യത്തിൽ എനിക്ക് ഒട്ടും സംശയമില്ല. അഹങ്കാരത്തോടെയുള്ള ആ സംസാരം കേട്ടപ്പോൾ ചാപ്ലിൻ പറഞ്ഞു വളരെ ശരിയാണ്.താങ്കളുടെ സിനിമയുടെ ആദ്യ പ്രദർശനത്തിന് ഞാനും പോയിരുന്നു.സിനിമ തുടങ്ങിഅൽപനേരം കഴിഞ്ഞപ്പോൾ പ്രേഷകരിൽ കൂടുതൽ പേരും പുറത്തേക്ക് ചലിക്കുന്നതു കണ്ടു.

*വിബിഷ്ണ*
*8th*

# വരൾച്ച



ജലമില്ല  ഈ മണ്ണിൽ ഒരിറ്റു ജലമില്ല.
ജലമില്ല  ഈ മണ്ണിൽ ഒരിറ്റു ജലമില്ല.
കേഴുന്നു ഒരിറ്റു ജലത്തിനായ് വരണ്ട തൊണ്ടയുമായ്
ആർക്കു വേണമിനി ഈ ഭൂമി ഒരിറ്റു ജലമില്ലാതെ
സൂര്യനതാ കത്തിജ്വലിക്കുന്നു ചുവന്ന കണ്ണുകളുമായ്
കണ്ടിട്ടും കണ്ടില്ല എന്ന് നടിക്കുന്നു ഈ ഭൂമിയെ
സൂര്യൻ ജലമില്ല ഈ മണ്ണിൽ ഒരിറ്റു ജലമില്ല


വിസ് മയ:കെ.വി
9th B

# കുട്ടന്റെ പട്ടം

കുട്ടൻ കെട്ടിയ പട്ടം വാനിൽ
മുട്ടിയപോലെ പറന്നു
കുട്ടികളപ്പോൾ ആർത്തുവിളിച്ചു
പട്ടം ചേലിലുയർന്നു
പെട്ടെന്നയ്യോ കുട്ടികൾ ഞെട്ടി
പട്ടത്തിൻ നൂൽ പൊട്ടി പോയേ
പട്ടം പാറിവാനിലുയർന്നു
പൊട്ടിയ നൂലിൻ തറ്റവുമായി
പെട്ടന്നയ്യോ വന്നൊരു കാക്ക
പട്ടം കൊത്തിപ്പാറിപ്പോയി
അയ്യോ പട്ടം ചമ്മിപ്പോയി
കുട്ടൻ നിന്നു കരഞ്ഞേ പോയി

നിൽനസി.കെ
9B

# ബുദ്ധിയുള്ള മീൻ



ഒരിടത്ത് ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു വലിയ കുളം ഉണ്ടായിരുന്നു. അവിടെയാണ് മീൻ പിടുത്തക്കാർ എത്തുന്നത്.മീൻ പിടുത്തക്കാർ പിടിച്ച് പിടിച്ച് അവസാനം അവിടെ ഉണ്ടായിരുന്ന മീൻ ചങ്ങാതിമാരായിരുന്ന ചിന്നുവും മിന്നുവും പൊന്നുവും.അതിലെ ഏറ്റവും വലിയ മണ്ടിയായിരുന്നു പൊന്നു.എപ്പോഴും മണ്ടത്തരങ്ങൾ മാത്രം ചെയ്ത് കൊണ്ടിരിക്കും.കൂട്ടത്തിൽ ഏറ്റവും ബുദ്ധിമതി ചിന്നുവായിരുന്നു.ഒരിക്കൽ ചിന്നു വെള്ളത്തിന് മുകളിലൂടെ നീന്തുകയായിരുന്നു.അപ്പോഴാണ് ആ കാഴ്ച കണ്ടത് മീൻ പിടുത്തക്കാർ മീൻ പിടിക്കാൻ വരുന്നു.അവരെ കണ്ട വെപ്രാളത്തിൽ തന്റെ കൂട്ടുകാരെ വിവരം ധരിപ്പിക്കാനായ് ഓടിപ്പോയി.അവരെ വിവരം ധരിപ്പിക്കുകയും ചെയ്തു.അപ്പോൾ മിന്നു പറഞ്ഞു നമുക്ക് ദ്ദൂരെ എവിടെയെങ്കിലും പോയി ഒളിക്കാം."നീ പറഞ്ഞത് ശരിയാ വാ പൊന്നു നമുക്ക് ആ പൊന്തക്കാട്ടിൽ പോയി ഒളിക്കാം.പക്ഷെ പൊന്നു ഇതൊന്നും കേൾക്കാതെ കളി തുടർന്നു.മീൻ പിടുത്തക്കാർ വീശിയ വലയിൽ അവൾ കുടുങ്ങുകയും ചെയ്തു .

കൂട്ടുകാരുടെ വാക്ക് ഒരിക്കലും കേൾക്കാതിരിക്കരുത്

**അനലക്ഷ്മി**
6B

# വണ്ടി

ഒറ്റക്കാലിൽ തപസ്സു ചെയ്യും കൊക്കമ്മാവാ
ഒത്തൊരുമിച്ചൊരു ജാഥ നടക്കും
ക്രുനന്തുറുമ്പേ
വഴി മാറിക്കോ വഴി മാറിക്കോ വഴി
മാറിക്കോ
തക്കിട വണ്ടി തരികിട വണ്ടി
പാഞ്ഞു വരുന്നുണ്ടേ
മാനം മുട്ടെ പൊങ്ങാൻ കാട്ടും
മലയും കയറാൻ




മേഘങ്ങൾ മേയുന്ന മേടകൾ
കാണാൻ
കാണാത്ത കാര്യങ്ങൾ പാടേ കാണാൻ
തക്കിട വണ്ടി തരികിട വണ്ടി പാഞ്ഞു വരുന്നുണ്ടേ
വാനിൻ മുകളിൽ പാറാൻ ഗ്രാമം ചുറ്റിക്കാണാൻ
നഗരങ്ങളിലോടുന്ന വണ്ടികൾ കാണാം
ആരാരും കാണാത്ത കാഴ്ച്ചകൾ കാണാം
തക്കിട വണ്ടി തരികിട വണ്ടി പാഞ്ഞു വരുന്നുണ്ടെ

അനാമിക രാധാകൃഷ്ണൻ

9th A

# കാക്കകുളിച്ചാൽ കൊക്കാകുമോ?



ഒരിടത്ത് കാവതി എന്ന കാക്ക ജീവിച്ചിരുന്നു.അവൾക്ക് അവളുടെ നിറത്തോട് താൽപര്യമില്ലായിരുന്നു. കാവതി വളരെയധികം അഹങ്കാരിയും അതിബുദ്ധിയും ഉള്ളവളായിരുന്നു.അവൾ തന്റെ കറുപ്പുനിറത്തിനുപകരം കൊക്കിന്റെ വെളുത്തനിറം വേണമെന്ന് ആഗ്രഹിച്ചിരുന്നു.അങ്ങനെ ഒരിക്കെ കാവതി തീറ്റതേടി പോയപ്പോൾ ഒരു വീടിനുമുന്നിൽ റബ്ബർപാൽ വെച്ചിരിക്കുന്ന പാത്രം കണ്ടു.ആ പാലിൽ മുങ്ങിയാൽ വെളുക്കുമെന്ന്അവൾക്ക് തോന്നി.അഹങ്കാരിയായ അവൾ ഒന്നും ഓർക്കാതെ റബ്ബർപാൽ വെച്ചിരുന്ന പാത്രത്തിനടുത്ത് പറന്ന് ചെന്ന് അതിലേക്കെടുത്തു ചാടി സന്തോഷം കൊണ്ട് അവളുടെ കണ്ണുനിറഞ്ഞു എങ്കിൽ അത് കുറച്ചുനേരത്തേക്ക് മാത്രമായിരുന്നു.അവൾ എഴുന്നേറ്റ് പറക്കാൻ ശ്രമിച്ചു പക്ഷേ അത് സാധിച്ചിരുന്നില്ല.അവൾ സർവ ശക്തിയുമെടുത്ത് പറക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.ചിറകുകൾ പരസ്പരം ഒട്ടിപ്പോയതിനാൽ അവൾക്ക് ആ ശ്രമം ഉപേക്ഷിക്കേണ്ടി വന്നു.അതിബുദ്ധി ആപത്താണെന്ന് അന്നാണ് അവൾ ഓർത്തത്.അത് തന്റെ അതിബുദ്ധിക്കും,അഹങ്കാരത്തിനും കിട്ടിയ ശിക്ഷയാണ് അവൾ മനസിലോർത്തു.ഇതിൽ നിന്നും ഒരു കാര്യം മനസിലാക്കുക.

“അതിബുദ്ധി ആപത്തുണ്ടാക്കും.”

തനൂജ ശ്യാം

9th .A

# ടീച്ചർ

എന്തു നല്ല  ടീച്ചർ
നന്മകൾ പകരും ടീച്ചർ
സ്നേഹം കോരിച്ചൊരിയും
നന്മയുള്ള ടീച്ചർ
ക്ലാസിൽ നിന്നും
ഞങ്ങൾക്കു നൽകും
പുത്തൻപുത്തൻ അറിവുകൾ
ക്ലാസിലിരിക്കും ഞങ്ങളുടെ
ബോറടി മാറ്റും ടീച്ചർ
പുസ്തകത്തിലെ അറിവുകൾ
ചൊരിയും ടീച്ചർ
നല്ലത് കേട്ടു പഠിച്ചോളൂ
നല്ലതു കണ്ട് വളർന്നോളൂ

ഹരിത.പി.കെ

VII.A



## ജീവിതത്തൽ നിന്ന് മാഞ്ഞുപോയ വരികൾ

മനസ്സിൽ നിന്ന് മാഞ്ഞുപോയവരികൾ
പുസ്ത്ക പാളിയിൽ നിന്ന് പാറിനടന്ന വരികൾ
മാനത്തെ നക്ഷത്രത്തെ എണ്ണിയ വരികൾ
അമ്പിളിയോടൊത്തു കളിച്ച രാവുകൾ
മായാത്ത വരികൾ
പറന്നുയർന്ന വരികൾ എങ്ങോപോയ് മറഞ്ഞു
എൻ വരികൾ
പുസ്ത്തകതാളിലെ വരികളെ നെഞ്ചോട്ടു ചേർത്ത നാളുകൾ
വീണ്ടും തിരിച്ചെത്തുമെന്ന പ്രതീക്ഷയൊടെ ഞാൻ

ദർശന സി.കെ
7th B

# സത്യസന്ധനായ രാജാവ്

രാജ്യത്തിനും പ്രജകൾക്കും വേണ്ടി ഒട്ടേറ കാര്യങ്ങൾ ചെയ്യുന്ന മഹേന്ദ്രരാജാവിനെ എല്ലാവർക്കും വലിയ കാര്യമായിരുന്നു.അദ്ദേഹത്തിന്റെ ഭരണത്തിൽ നാടെങ്ങും സമാധാനവും സമൃദ്ധിയും കളിയാടി. മഹേന്ദ്ര രാജാവിന്റെ മക്കളാണ് ജീതേന്ദ്രനും അശോകനും. ജീതേന്ദ്രൻ ഒരു സത്യസന്ധനും അശോകൻ ഒരു സൂത്രശാലിയുമായിരുന്നു. അങ്ങനെയിരിക്കെ മഹേന്ദ്ര രാജാവിന്റെ കാലശേഷം ആരാണ് ഈ രാജ്യം ഭരിക്കുക? എന്ന ഒരു ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കാൻ കഴിയാത്തഅവസ്ഥയിമഹേന്ദ്രരാജാവ് അതിനിടെരാജാവിന് ഒരുഉപായംതോന്നിതന്റെ മക്കളിൽ നിന്നു ഒരാളെ വരും കാലരാജാവായിപ്രഖ്യാപിക്കണം അതിന് രാജാവ് കൊട്ടാരത്തിലെ ഒരേപോലെയുള്ള പ്രതിമകളിൽ നിന്നു ഒണ്ണെത്തിനെ മാറ്റിമറ്റൊരു സ്ഥലത്തുവെച്ചു .എന്നിട്ട് തന്റെ മക്കളോട് ഈ വിവരം അറിയിച്ചു അതിനുശേഷം ഇത് തിരികെ എത്തിക്കുന്നയാളെ ഈ രാജ്യത്തിന്റെ വരുകാല രാജാവായി പ്രഖ്യാപിക്കുമെന്നും പറഞ്ഞു.ഇതു കേട്ടപ്പോൾ തന്നെരണ്ടുപേരുംപ്രതിമകണ്ടെത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു .ഒടുക്കം അശോകന് ഒരുസൂത്രംതോന്നികൊട്ടാരത്തിലെ കാണാതായ പ്രതിമയെ പ്പോലെ മറ്റൊരു പ്രതിമ ഉണ്ടാക്കിയാൽ മതിയല്ലോ എന്ന്. അശോകൻ അതുപോലുള്ള കൊട്ടാരത്തിലെ പ്രത്മ ശിൽപിയുടെകൈയ്യിൽകൊടുത്ത് ഉണ്ടാക്കിത്തരാൻ പറഞ്ഞു.എന്നാൽ ഈ സമയത്തെല്ലാം ജിതേന്ദ്രന് ഒന്നു ചെയ്യാൻ കഴിഞ്ഞില്ല. എത്ര ശ്രമിച്ചിട്ടും ജിതേന്ദ്രന് പ്രതിമയെ കണ്ടത്താൻകഴിഞ്ഞില്ല.ഇതെല്ലാം കഴിഞ്ഞപ്പോഴേക്കും രാജാവ് പറഞ്ഞസമയം ആയിക്കഴിഞ്ഞു. ശിൽപ്പിയുടെ കയ്യിൽ നിന്നും അശോകൻ എത്രയും പെട്ടെന്ന് പ്രതിമയെയുംവാങ്ങിച്ച്രാജാവിന്റെമുന്നിലെത്തി വൈകാതെ തന്നെ ജിതേന്ദ്രനും എത്തി .അശോകന്റെ മുഖത്ത് സന്തോഷംകളിയാടി .അശോകന് നിരാശ വഴിമാറിഅശോകൻരാജാവിനോടുപറഞ്ഞുഅച്ഛാകൊട്ടാരത്തിൽ നിന്നും കളവുപോയ പ്രതിമ ഞാൻ കണ്ടെത്തിയിരിന്നു.ജിതേന്ദ്രൻ പറഞ്ഞു അച്ഛാ എനിക്കത്  കണ്ടെത്താനായില്ല രാജാവ് പറഞ്ഞു മക്കളെ നിങ്ങളിൽ നിന്നും വരും കാലരാജാവായി ഞാൻ കണ്ടെത്തിയിരിക്കുന്നത് ജിതേന്ദ്രനെയാണ് രണ്ടുപേരും ഞെട്ടി തമ്മിൽ മുഖത്തോട്ടുമുഖം നോക്കി .ജിതേന്ദ്രൻ പറഞ്ഞു അശോകനല്ലേ പ്രതിമയെ കണ്ടെത്തിയിരിക്കുന്നത് പിന്നെ എങ്ങനെയാണ് ഞാൻ വരും കാലരാജാവായി പ്രഖ്യാപിക്കപ്പെടുന്നത്.രാജാവ് മറുപടി നൻകി ഞാൻ നിങ്ങളെ പരീക്ഷിച്ചതാണ് നമ്മുടെ കൊട്ടാരത്തിലെ പ്രതിമ  കൊട്ടാരത്തനെയുണ്ട് ഞാൻ അത് മാറ്റി വെച്ചതാണ് സത്യസന്ധനായ ജിതേന്ദ്രൻ തന്നെയാണ് വരും കാലരാജാവ് തന്റെ തെറ്റ് മനസ്സിലാക്കിയ അശോകനും അതു സമ്മതിച്ചു പിന്നീടൊരിക്കലും അശോകൻ അങ്ങനെ ചെയ്തിട്ടില്ല.ജിതേന്ദ്രന്റെ രാജ്യഭരണത്തിൽ ആനന്ദം കളിയാടി

അനന്യ ഹരിദാസ്

VIII.A

# ചെടിയും മരവും





ഒരിടത്തൊരിടത്ത് ഒരു വലിയ മരം താമസിച്ചിരുന്നു.ആ മരത്തിന്റെ ചുവട്ടിൽ ഒരു ചെടിയും താമസിച്ചിരുന്നു.ആ ചെടിയും മരവും നല്ല സുഹൃത്ത്ക്കളായിരുന്നു.ഒരു ദിവസം അവർ ഇരുവരും വാക്കു തർക്കത്താൽ വഴക്കിലായി ദേഷ്യം വന്ന ചെടി മരത്തിന്റെ വേരിൽ ഒറ്റക്കടി.മരം വേദനകൊണ്ട് നിലവിളിച്ചു മരം ഒരുപാട് കരഞ്ഞു.മരത്തിന്റെസങ്കടം കണ്ട ചെടിയുടെ മനസുമാറി.ചെടി മരത്തിനോട് മാപ്പുപറഞ്ഞു.ഇതുകേട്ട മരം കരച്ചിൽ നിർത്തി.ഇരുവരും വീണ്ടും സുഹൃത്ത്ക്കളായി.ഒരു നാൾ ചെടിപറിക്കാൻ കുറെ കുട്ടികൾ അവിടെ എത്തി.അതുകണ്ട് മരം പറഞ്ഞു. "കുട്ടികളെ നിങ്ങളെന്തിനാണ് ഈ കൊച്ചു ചെടിയെ ഉപദ്രവിക്കുന്നത്. "അപ്പോൾ കുട്ടികൾ മരത്തിനോട്ചോദിച്ചു. "അങ്ങനെയാണെങ്കിൽ ഈ ചെടിയുടെ പൂക്കളെപോലെ മധുരമുള്ള നിന്റെ പഴങ്ങൾ തരുമോ....?"കുട്ടികൾ കൂട്ടത്തോടെ ചോദിച്ചു സന്തോഷത്തോടെ തന്നെ മരം കുട്ടികൾക്ക് പഴങ്ങൾകൊടുത്തു.അവർ സന്തോഷത്തോടെ മടങ്ങുകയുംചെയ്തു .ചെടിമരത്തിനോട് നന്ദി പറഞ്ഞു.അവർ കുറെകാലം സുഖമായി ജീവിച്ചു.

അതുല്യ

*8th A*

# വേർപാടിന്റെ ദുഃഖം

ഒരിടത്ത് രണ്ട് പൂമ്പാറ്റകൾ ഉണ്ടായിരുന്നു .ചിക്കുവും, മിന്നുവും എന്നായിരുന്നു അവരുടെപേര് . മനസ്സുകൊണ്ടുപോലും അവർ അകലുകയില്ല . എവിടെ പോവുകയാണെങ്കിലും ഒരുമിച്ചേ പോവാറുള്ളു. അങ്ങനെ ഒരിക്കൽ മിന്നു പറഞ്ഞു വല്ലാതെ വിശക്കുന്നു .തേൻ ശേഖരിക്കാൻ പോയാല്ലോ .ശരി എന്ന്ചിക്കു പറഞ്ഞു .അങ്ങ-നെ ഇരുവരും കാട്ടിലേക്ക് യാത്രയായി.മിന്നു പറഞ്ഞു രണ്ട് പേ-രും രണ്ട് വഴി പോയാലെ തേൻകുറയെ കിട്ടുകയുള്ളു. അവർപിരി-ഞ്ഞു തേൻശേഖരിക്കാൻ വേണ്ടി .കുറച്ച് സമയത്തിന് ശേഷംതേ-ൻ ശേഖരിച്ച് ചിക്കു സന്തോഷവാനായിതിരിച്ചെത്തി.കുറെയെ മയം അവൾ മിന്നുവിനെ കാത്തുനിന്നു.സമയംകുറെയകഴിഞ്ഞു.അവൾ എത്തിയില്ല. വിശമത്തിലായ ചിക്കു അവളെ തേടിപോ-കാൻ തീരുമാനിച്ചു.ചിക്കു മിന്നുവിനെ കണ്ടുമുട്ടി .അപ്പോൾ മിന്നുവളരെ ദയനാകമായ അവസ്ഥയിലായിരുന്നു .തന്നെ പ്രാണനുതു-ല്ല്യം സ്നേഹിച്ച തന്റെ കൂട്ടുകാരി പ്രാണൻ വെടിയുന്ന അവസ്ഥയി-ൽ കണ്ടു .പിന്നെ ഒന്നും നോക്കിയില്ല.ചിക്കു അവളുടെ അടുത്തേ-ക്ക് പറന്നുചെന്നു.മിന്നുവിനോട് ചോദിച്ചു ,എന്തുപറ്റിനിനക്ക്.മിന്നു പറഞ്ഞു .മനുഷ്യർ എന്നെ പിടിക്കൂടി.അവർ എന്റെ ചിറകുകൾ മുറിച്ചു കളഞ്ഞു.അങ്ങനെപറക്കാൻപോലും പറ്റാത്തഅവസ്ഥയിലാക്കി.നിനക്കൊന്നും സംഭവിക്കില്ല. അവരെ ദൈവം ശിക്ഷിക്കും. മിന്നു പറഞ്ഞു ,നിന്നെ പോലൊരു നല്ല കൂട്ടുക്കാരിയെ കിട്ടിയതിൽ ഞാൻ അഭിമാനിക്കുന്നു ചിക്കു.ഞാൻ മരിക്കുമ്പോൾ എന്നെ ഓർക്കില്ലേ...... നീ എന്തൊക്കെയാ പറയുന്നത്,എന്നാൽനീ കേട്ടോ "ഏഴ് ജന്മം കഴിഞ്ഞാലും എന്റെ ഏറ്റവും നല്ല സുഹൃത്ത് നീ മാത്രമായിരിക്കും.പിന്നെ ,നീ ഇല്ലാത്ത ഈ ലോകത്ത് ഞാനും ജീവിക്കുന്നില്ല.അങ്ങനെ പറയരുത് ചിക്കു നീ ജീവിക്ക-ണം. എന്റെ ജീവിതത്തിൽ ഏറ്റവും നല്ല കൂട്ടുകാരി നീ മാത്രമായിരിക്കും.........നീ മാ.......ത്രം........എന്ന് പറഞ്ഞയുടനെ അവളു-ടെ ജീവൻവെടിഞ്ഞു.അതുകണ്ട ചിക്കു ,മിന്നുയെന്ന് വിളിച്ച് ഉറക്കെ നിലവിളിച്ചു .മിന്നു എഴുന്നേൽക്ക്...... നിന്റെ ചിക്കുവിളി-ക്കുന്നേ.....കണ്ണുതുറക്ക് മിന്നു. "ഇനിയെന്തിന ഞാൻ ജീവിക്കുന്നത്.ഞാനും വരുകയാ.....നിന്റെ അടുത്തേക്ക്......"എന്നു പറഞ്ഞ് ചിക്കുവുംമരിക്കാൻ തീരുമാനിച്ചു.എട്ടുകാലിവലയിൽ കുടുങ്ങി അവളും മരണമടഞ്ഞു. "അവർ മനസ്സുകൊണ്ട് ഉറപ്പിച്ച സ്നേഹത്തിന് വലിയ വിലനൽകി യാത്രയായി."

ധന്യ എം .സി

IX B

# സഹവാസ ക്യാമ്പിൽ നിന്ന്












# തെലുങ്കാനയിൽ നടന്ന സ്പോർട്സ് മീററിൽ നിന്ന്











# നന്ദി

**ലിററിൽ കൈററ്സ് ഡിജിററൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അധ്യാപകർക്കും അകമഴിഞ്ഞ നന്ദി അറിയിച്ചുകൊള്ളുന്നു.**